പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6615 12.07.2012 -ലെ മറുപടി

കെ.ടി.ഡി.എഫ്.സി. യും കെ.എസ്.ആർ.ടി.സി. യും ചേർന്ന് സംയുക്ത സംരംഭങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>" എ. പ്രദീപ് കുമാർ<br>" വി. ശിവൻകുട്ടി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സി.യും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സംയുക്ത സംരംഭമായി ഏതെല്ലാം പദ്ധതികളാണ് ഏറ്റെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ ബി.ഒ.ടി വ്യവസ്ഥയിൽ അങ്കമാലി, കോഴിക്കോട്, തമ്പാനൂർ, തിരുവല്ല, മലപ്പുറം എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് പദ്ധതികളാണ് കെ.ടി.ഡി.എഫ്.സി.യും കെ.എസ്.ആർ.ടി.സി.യും ചേർന്ന് സംയുക്ത സംരംഭമായി ഏറ്റെടുത്തിട്ടുള്ളത്. |
| (ബി) | മുൻസർക്കാരിന്റെ കാലത്ത് തുടക്കം കുറിച്ച ഏതെല്ലാം പദ്ധതികളുടെ പണി പൂർത്തിയായി; | (ബി) | മുൻ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി നേരിട്ട് നിർമ്മാണം ആരംഭിച്ച കാട്ടാക്കട, കൊട്ടാരക്കര, കാസർഗോഡ് എന്നിവിടങ്ങളിലെ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകളുടെ പണി പൂർത്തികരിച്ചിട്ടുണ്ട്. കൂടാതെ ബി.ഒ.ടി വ്യവസ്ഥയിൽ കെ.ടി.ഡി.എഫ്.സി. യുമായി ചേർന്ന് അങ്കമാലിയിൽ ബസ് സ്റ്റേഷൻ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി പൂർത്തിയായിട്ടുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളുടെ പ്രവർത്തനം ബി.ഒ.ടി. അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഏതെല്ലാം ബസ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുതുതായി ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കുമോ; | (സി) | കരുനാഗപ്പള്ളി ബസ് ടെർമിനലിന്റെ നിർമ്മാണം ബി.ഒ.ടി അടിസ്ഥാനത്തിൽ ഏറ്റെടുക്കുന്നതിന് കെ.ടി.ഡി.എഫ്.സി.യോട് കെ.എസ്.ആർ.ടി.സി ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ പദ്ധതികൾ ഏറ്റെടുക്കുന്നതിനെ സംബന്ധിച്ച അന്തിമ തീരുമാനം ആയിട്ടില്ല. |
| (ഡി) | ഏറ്റെടുത്ത പ്രവൃത്തികൾ സമയബന്ധിതമായി | (ഡി) | നടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | പൂർത്തീകരിക്കാത്തതുമൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുമോ; | | |
| (ഇ) | മുൻ തീരുമാനമനുസരിച്ച് തമ്പാനൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ പ്രവൃത്തി എന്ന് പൂർത്തീകരിക്കേണ്ടതായിരുന്നു; ഇക്കാര്യത്തിൽ കാലതാമസമുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ? | (ഇ) | മുൻ തീരുമാനത്തിനനുസരിച്ച് 21.06.2012 -ൽ നിർമ്മാണ പ്രവർത്തി പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ നിർമ്മാണം പൂർത്തിയാക്കുന്നതിന് കാലതാമസം നേരിട്ടിട്ടുണ്ട് പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.<br>1. നിർമ്മാണം നടക്കുന്ന സ്ഥലം കരാറുകാരന് നല്കുന്നതിൽ ഉണ്ടായ കാലതാമസം.<br>2. പഴയ കെട്ടിടങ്ങളുടെ കോൺക്രീറ്റുകൊണ്ടുള്ള അടിസ്ഥാനങ്ങൾ 2 മീറ്ററിൽ അധികം താഴ്ചയിൽ നിന്നും പൊളിച്ചു മാറ്റാൻ ഉണ്ടായ കാലതാമസം.<br>3. പഴയ കെട്ടിടങ്ങളും ഗ്യാരേജുകളും പൊളിച്ചു മാറ്റി ആ സ്ഥലങ്ങളിൽ നിർമ്മാണം ആരംഭിക്കുവാൻ വന്ന കാലതാമസം.<br>4. മഴക്കാലങ്ങളിൽ വെള്ളപ്പൊക്കം ഉണ്ടാകുന്നതു മൂലമുണ്ടാകുന്ന തൊഴിൽ തടസ്സം.<br>5. നിർമ്മാണ വസ്തുക്കൾ സൂക്ഷിക്കുവാൻ വേണ്ട സ്ഥലത്തിന്റെ അപര്യാപ്തതയും നിർമ്മാണ സ്ഥലത്തു നിന്നുള്ള മണ്ണ് മാറ്റി സൂക്ഷിക്കാൻ സൗകര്യമില്ലാത്തതും.<br>6. നിർമ്മാണ സ്ഥലത്തിലെ പല ഭാഗങ്ങളിലായി ഉണ്ടായിരുന്ന ഡ്രൈനേജ് പൈപ്പുകൾ മാറ്റി സ്ഥാപിക്കാൻ ഉണ്ടായ കാലതാമസം.<br>7. നിർമ്മാണം നടന്നു കൊണ്ടിരിക്കുമ്പോൾ സംഭവിച്ചുപോയ അപകടവുമായി ബന്ധപ്പെട്ട് നിർമ്മാണം നിർത്തിവയ്ക്കേണ്ടതായി വന്ന സാഹചര്യം.<br>8. നിർമ്മാണ സ്ഥലത്തെ വളരെ ദുർബലമായ മണ്ണും ചെളിയും പദ്ധതിയുടെ അടിസ്ഥാന നിർമ്മാണ പ്രവർത്തനങ്ങളെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ